ചീട്ടുകൊട്ടാരത്തിൽ ഇന്ത്യ ജോക്കർ

■ സച്ചിൻ (111)സെഞ്ച്വറിയടിച്ചിട്ടും ഇന്ത്യ തോറ്റു ■ദക്ഷിണാഫ്രിക്ക ഇന്ത്യയെ തോൽപ്പിച്ചത് മൂന്ന് വിക്കറ്റിന് ■ ഇന്ത്യ 296 ■ ദക്ഷിണാഫ്രിക്ക 300 / 7 ■ സെവാഗിനും (73)ഗംഭീറിനും (69) അർദ്ധസെഞ്ച്വറി ■ അവസാന എട്ട് ഇന്ത്യൻ വിക്കറ്റുകൾ പൊഴിഞ്ഞത് 29 റണ്ണിനിടയ്ക്ക് ■ ഈ ലോകകപ്പിലെ ഇന്ത്യയുടെ ആദ്യ തോൽവി ■ ഡേൽ സ്റ്റെയ്ൻ മാൻ ഒഫ് ദ മാച്ച്

സോറി സച്ചിൻ

സച്ചിൻ തന്റെ 48-ാം ഏകദിന സെഞ്ച്വറി തികച്ചശേഷം

നാഗ്പൂർ: പാവം സച്ചിൻ! ഈ ലോകകപ്പിലെ സച്ചിന്റെ രണ്ടാമത്തെ സെഞ്ച്വറിക്കും ഇന്ത്യൻ ടീമിന് വിജയം നേടിക്കൊടുക്കാനായില്ല. ഇന്നലെ സച്ചിനും (111)സെവാഗും (73) ഗംഭീറും (69) നൽകിയ ഗംഭീര തുടക്കത്തിനുശേഷം വെറും 29 റണ്ണിന് അവസാന എട്ടുവിക്കറ്റുകൾ പൊട്ടിച്ചുകളഞ്ഞ ഇന്ത്യയെ 296-ൽ ഒതുക്കിയ ദക്ഷിണാഫ്രിക്ക ആവേശത്തിരയിളകിയ മത്സരത്തിൽ രണ്ട് പന്ത് ബാക്കിനിൽക്കെ മൂന്ന് വിക്കറ്റ് വിജയം സ്വന്തമാക്കുകയായിരുന്നു. 400ന് മേൽ പോകുമെന്ന് ഒരു ഘട്ടത്തിൽ തോന്നിപ്പിച്ചശേഷമാണ് ഇന്ത്യ 296-ൽ ആൾ ഔട്ടായത്. അർദ്ധസെഞ്ച്വറികൾ നേടിയ ഹാഷിം അംലയും (61) കാലിസും (69) ചേർന്ന രണ്ടാം വിക്കറ്റ് കൂട്ടുകെട്ടിന് ശേഷം ഡിവില്ലിയേഴ്സ് (52), ഡുമിനി (23), ഡുപ്ളെസിസ് (25), ബോത്ത (22) എന്നിവർ നടത്തിയ ഗംഭീര പോരാട്ടമാണ് ദക്ഷിണാഫ്രിക്കയ്ക്ക് വിജയം നൽകിയത്. അഞ്ച് ഇന്ത്യൻ വിക്കറ്റുകൾ അരിഞ്ഞിട്ട സ്റ്റെയ്നാണ് മാൻ ഒഫ് ദ മാച്ച്

സച്ചിനും സെവാഗും ഗംഭീറും ചേർന്ന് ഊതിവീർപ്പിച്ചുകൊണ്ടുവന്ന ബലൂൺ അവസാന നിമിഷം ഡേൽ സ്റ്റെയ്നിന്റെ നേതൃത്വത്തിൽ ദക്ഷിണാഫ്രിക്കക്കാർ ഒറ്റക്കുത്തിന് പൊട്ടിച്ചുകളഞ്ഞ കാഴ്ചയ്ക്കാണ് ഇന്നലെ നാഗ്പൂർ സാക്ഷ്യം വഹിച്ചത്. 40 ഓവറിൽ രണ്ടു വിക്കറ്റ് നഷ്ടത്തിൽ 268 റൺ എന്ന നിലയിലായിരുന്ന ഇന്ത്യ 48.4 ഓവറിലാണ് 296-ന് ആൾ ഔട്ടായത്.

തുടക്കം തകർപ്പൻ

ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ക്യാപ്ടൻ ധോണിയുടെ തീരുമാനം ശരിവയ്ക്കുന്ന രീതിയിലാണ് സച്ചിനും സെവാഗും ചേർന്ന് ഇന്ത്യൻ ഇന്നിംഗ്സിന് തുടക്കമിട്ടത്. കഴിഞ്ഞ കളികളിലേതുപോലെ ആദ്യ പന്ത് തന്നെ ബൗണ്ടറിയിലെത്തിച്ച് സെവാഗ് തുടങ്ങി. രണ്ടാം ഓവറിൽ തന്നെ സെവാഗിന് വിക്കറ്റ് കീപ്പർ വാൻവിങ്ക് ഒരു ലൈഫും നൽകി. മോർക്കലിന്റെ പന്ത് സെവാഗിന്റെ ബാറ്റിൽ തട്ടി എഡ്ജ് ചെയ്തപ്പോൾ വാൻ വിങ്കിന് ക്യാച്ചെടുക്കാൻ കഴിഞ്ഞില്ല. ജീവൻ തിരിച്ചുകിട്ടിയ വീരു അല്പനേരത്തേക്ക് അതിസാഹസങ്ങൾക്ക് മുതിർന്നില്ല. ആദ്യ അഞ്ചോവറിൽ ഇന്ത്യ നേടിയത് 33 റണ്ണായിരുന്നു. ആറാം ഓവറിൽ മോർക്കലിനെ മൂന്നു തവണ ബൗണ്ടറി കാണിച്ച് വീരു ഗിയർ ചെയ്ഞ്ച് ചെയ്തു. എട്ടാം ഓവറിൽ മോർക്കലിനെ സച്ചിൻ രണ്ടു തവണയും സെവാഗ് ഒരു തവണയും ബൗണ്ടറിയിലേക്ക് പായിച്ചു. പത്താം ഓവറിൽ സ്റ്റെയ്നെ സച്ചിൻ സിക്സിന് ശിക്ഷിക്കുകയും ചെയ്തപ്പോൾ ഗാലറികൾ ആനന്ദ നൃത്തം ചവിട്ടി. ആദ്യ പത്തോവറിൽ ഇന്ത്യ 87/0 എന്ന ശക്തമായ നിലയിലായിരുന്നു.

12-ാം ഓവറിന്റെ രണ്ടാം പന്തിൽ റോബിൻ പീറ്റേഴ്സന്റെ പന്ത് കവറിലൂടെ അതിർത്തിയിലെത്തിച്ച് വീരു തന്റെ 37-ാമത്തെ ഏകദിന അർദ്ധ സെഞ്ച്വറി തികച്ചു. നേരിട്ട 44-ാമത്തെ പന്തിൽ 10 ബൗണ്ടറികളുടെ അകമ്പടിയോടെയാണ് വീരു അർദ്ധശതകം തികച്ചത്. 11.4-ാം ഓവറിൽ ഇന്ത്യ 100 തികച്ചു. ലോകകപ്പിൽ ഏറ്റവും വേഗതയിൽ 100 റൺ തികയ്ക്കുന്ന ടീമായി ഇതോടെ ഇന്ത്യ മാറി. 14-ാം ഓവറിൽ സച്ചിനും അർദ്ധസെഞ്ച്വറിയിലെത്തി. നേരിട്ട 34-ാമത്തെ പന്തിലാണ് സച്ചിൻ അർദ്ധശതകം തികച്ചത്. ഇതിനകം അഞ്ച് ഫോറും ഒരു സിക്സും സച്ചിൻ പായിച്ചിരുന്നു. അടുത്ത ഓവറിൽ ഡുമിനിയെ പടുകൂറ്റൻ സിക്സിന് ശിക്ഷിച്ച സച്ചിൻ ടീം സ്കോർ 15 ഓവറിൽ 128 റണ്ണായി ഉയർത്തി.

വീരു വീഴുന്നു

ബൗളിംഗ് പവർ പ്ളേയ്ക്ക് ശേഷമാണ് ഇന്ത്യയ്ക്ക് സെവാഗിനെ നഷ്ടമായത്. ബോത്ത എറിഞ്ഞ 17-ാം ഓവറിൽ വാൻ വിങ്കിന്റെ ഗ്ളൗസിൽ തട്ടിയെങ്കിലും കീപ്പർക്ക് ക്യാച്ച് എടുക്കാൻ സാധിച്ചില്ല. എന്നാൽ, അടുത്ത ഓവറിൽ ഡുപ്ളെസിസ് വീരുവിനെ പറഞ്ഞുവിടുകതന്നെ ചെയ്തു. കട്ട് ചെയ്യാനായി ക്രീസ് വിട്ടിറങ്ങിയ വീരുവിനെ കബളിപ്പിച്ച പന്ത് ബെയിൽസുമായി പറക്കുകയായിരുന്നു. 66 പന്ത് നേരിട്ട സെവാഗ് 12 ബൗണ്ടറികൾ അടിച്ചശേഷമാണ് മടക്കയാത്ര നടത്തിയത്. ഡുപ്ളെസിസിന്റെ ആദ്യ ഏകദിന ഇരയായിരുന്നു വീരു. തുടർന്നിറങ്ങിയ ഗംഭീർ സച്ചിനുമായി ചേർന്ന് ബൗളർമാരെ നേരിട്ടപ്പോൾ ക്ഷീണം മറന്ന് ഇന്ത്യൻ സ്കോർ ബോർഡ് മുന്നോട്ടുതന്നെ നീങ്ങി. 20 ഓവറിൽ ഇന്ത്യ 155 ലെത്തിയിരുന്നു.20-ാം ഓവർ മുതൽ 25-ാം ഓവർ വരെ ഇന്ത്യയ്ക്ക് ബൗണ്ടറികൾ ഒന്നും നേടാനായില്ല. 26-ാം ഓവറിൽ ഡുമിനിയെ സിക്സടിച്ച് സച്ചിൻ പകരം വീട്ടി.

സച്ചിന് സെഞ്ച്വറി, ഗംഭീർ ഹാഫ്

36-ാം ഓവറിലാണ് സച്ചിന്റെ ബാറ്റിൽനിന്നും ഇന്ത്യ കാത്തിരുന്ന സെഞ്ച്വറി പിറന്നത്. താൻ നേരിട്ട 92-ാമത്തെ പന്തിൽ മോർക്കലിനെ ഡീപ് കവറിലൂടെ സിംഗിളിന് തട്ടിയിട്ടാണ് സച്ചിൻ തന്റെ 48-ാമത്തെ ഏകദിന സെഞ്ച്വറി തികച്ചത്. ടെസ്റ്റിൽ 51 സെഞ്ച്വറികൾ നേടിയിട്ടുള്ള സച്ചിന്റെ 99-ാമത് അന്താരാഷ്ട്ര സെഞ്ച്വറിയായിരുന്നു ഇത്. ഇതേ ഓവറിൽ തന്നെ ഗംഭീർ തന്റെ 23-ാമത് ഏകദിന അർദ്ധസെഞ്ച്വറിയും സ്വന്തമാക്കി. 59 പന്തിൽനിന്ന് നാലു ബൗണ്ടറിയടക്കമാണ് ഗംഭീർ അർദ്ധശതകത്തിലെത്തിയത്.

മോർക്കൽ എറിഞ്ഞ 40-ാം ഓവറിലാണ് സച്ചിൻ പുറത്താകുന്നത്. ഈ ഓവറിന്റെ ആദ്യ രണ്ട് പന്തുകളും ഗംഭീർ ബൗണ്ടറിയിലെത്തിച്ചിരുന്നു. അടുത്ത പന്തിൽ ലൈഗ് ബൈയിലൂടെ സ്ട്രൈക്കേഴ്സ് എൻഡിലെത്തിയ സച്ചിൻ ഗ്രൗണ്ട് ഷോട്ടിന് ശ്രമിച്ചെങ്കിലും പോയിന്റിൽ ഡുമിനി തകർപ്പൻ ക്യാച്ചെടുത്തതോടെ 111 എന്ന ദൗർഭാഗ്യ സംഖ്യയിൽ തട്ടി മാസ്റ്റർ ബ്ളാസ്റ്ററുടെ ഇന്നിംഗ്സ് അവസാനിച്ചു. 101 പന്ത് നേരിട്ട സച്ചിൻ എട്ട് ഫോറും മൂന്നു സിക്സുമടിച്ചശേഷമാണ് തിരിച്ചു നടന്നത്. ഏകദിനത്തിൽ 18000 റൺ തികയ്ക്കാൻ 47 റൺ അവശേഷിക്കെയായിരുന്നു സച്ചിന്റെ പുറത്താകൽ. സച്ചിൻ പുറത്തായതോടെ ഇന്ത്യ 267/2 എന്ന നിലയിലായി.

ബലൂൺ പൊട്ടുന്നു

41-ാം ഓവർ എറിഞ്ഞ ഡേൽ സ്റ്റെയ്ൻ ഇന്ത്യ അതുവരെ നേടിയതെല്ലാം എറിഞ്ഞുടയ്ക്കുന്നതാണ് പിന്നെ കണ്ടത്. ഈ ഓവറിന്റെ ആദ്യപന്തിൽ ഗംഭീർ കാലിസിന് ക്യാച്ച് നൽകി. സ്റ്റെയ്ന്റെ സ്ലോ ബാൾ ചിപ്പ് ചെയ്ത് മിഡ് ഓഫിൽ ഗംഭീർ കാലിസിന് സിംപിൾ ക്യാച്ച് നൽകുകയായിരുന്നു. നാലാമനായി പ്രൊമോഷൻ കിട്ടിയ യൂസഫ് പഠാനായിരുന്നു അടുത്ത ഇര. കഴിഞ്ഞ കളിയിലേതുപോലെ യൂസഫ് (0) വന്നയുടൻ തിരിച്ചുനടന്നു. സ്റ്റെയ്നിന്റെ ഗുഡ്‌ലെംഗ്ത് പന്തിനെ ക്രീസിൽ നിന്ന് തലോടി കവറിൽ സ്മിത്തിന് കാഴ്ചവയ്ക്കുകയായിരുന്നു യൂസഫ്. തുടർന്നിറങ്ങിയ യുവ്‌രാജ് 42-ാം ഓവറിന്റെ ആദ്യ പന്തിൽ ബോത്തയെ സിക്സിന് പറത്തി ആവേശം കാട്ടി. എന്നാൽ, അടുത്ത ഓവറിന്റെ അവസാന പന്തിൽ ജാക് കാലിസ് യുവിയെ(12) ബോത്തയുടെ കൈയിൽ തന്നെ ഏല്പിച്ചു. തുടർന്ന് ഓരോരുത്തരായിവരികയും തിരിച്ചുപോകുകയും ചെയ്തപ്പോൾ മൂകസാക്ഷിയായി ക്യാപ്ടൻ ധോണി (12 നോട്ടൗട്ട്) ഒറ്റത്തുനിന്നു. 44-ാം ഓവറിൽ കൊഹ്‌ലി (1) റോബിൻ പീറ്റേഴ്സണ് റിട്ടേൺ ക്യാച്ച് നൽകിയപ്പോൾ 47-ാം ഓവറിൽ ഹർഭജൻ (3) സ്റ്റെയ്നിന്റെ പന്തിൽ ബൗൾഡായി. 48-ാം ഓവറിൽ സഹീർ (0) പീറ്റേഴ്സന്റെ പന്തിൽ മോർക്കലിന് ക്യാച്ച് നൽകി. 49-ാം ഓവറിൽ സ്റ്റെയ്ൻ നെഹ്റയും (0) മുനാഫിനെയും (0) പുറത്താക്കി ഇന്ത്യയെ 300 കടക്കാൻ അനുവദിക്കാതെ കർട്ടൻ വലിച്ചിട്ടു. നെഹ്റ സ്മിത്തിന് ക്യാച്ച് നൽകിയപ്പോൾ മുനാഫ് ബൗൾഡായി. 9.4 ഓവറിൽ 50 റൺ നൽകിയാണ് സ്റ്റെയ്ൻ അഞ്ചുവിക്കറ്റ് വീഴ്ത്തിയത്.

കല്ലുപോലെ കാലിസ്, മലയായി അംല

മറുപടിക്കിറങ്ങിയ ദക്ഷിണാഫ്രിക്കൻ ക്യാപ്ടൻ ഗ്രേം സ്മിത്തിനെ (16) ഒമ്പതാം ഓവറിൽ പുറത്താക്കി സഹീർ ഇന്ത്യയ്ക്ക് ആശ്വാസം നൽകി. മിഡ് ഓഫിൽ സച്ചിനാണ് സ്മിത്തിനെ കൈയിലൊതുക്കിയത്. ആദ്യ പത്തോവറിൽ 43/1 എന്ന നിലയിലായിരുന്നു ദക്ഷിണാഫ്രിക്ക.തുടർന്ന് ക്രീസിൽ ഒരുമിച്ച അംലയും (61) കാലിസും (69) അർദ്ധസെഞ്ച്വറികൾ നേടുകയും 86 റണ്ണിന്റെ പാർട്ട്ണർഷിപ്പ് പടുത്തുയർത്തുകയും ചെയ്തപ്പോൾ കളി ഇന്ത്യയുടെ കൈവിട്ടുപോയെന്ന് തോന്നി. കൂറ്റൻ ഷോട്ടുകൾക്ക് ശ്രമിക്കാതെ സിംഗിൾസും ഡബിൾസും വഴി ബൗളർമാരുടെ വീര്യം കെടുത്താനാണ് അംലയും കാലിസും ശ്രമിച്ചു. 22-ാം ഓവറിലാണ് അംല അർദ്ധസെഞ്ച്വറിയിലെത്തിയത്. തന്റെ 13-ാം ഏകദിന അർദ്ധസെഞ്ച്വറിയിലെത്താൻ അംലയ്ക്ക് 58 പന്തുകൾ വേണ്ടിവന്നു. 25 ഓവറിൽ 115 / 1 എന്ന നിലയിലായിരുന്നു ദക്ഷിണാഫ്രിക്ക. ഹർഭജൻ എറിഞ്ഞ 26-ാം ഓവറിൽ അംലയെ പിടികൂടാൻ മിഡ്‌വിക്കറ്റിൽ യുവ്‌രാജിന് ഒരവസരം ലഭിച്ചെങ്കിലും പ്രയോജനപ്പെടുത്താനായില്ല. എന്നാൽ 28-ാം ഓവറിൽ ഹർഭജൻ തന്നെ അംലയെ പുറത്താക്കി. വിക്കറ്റിന് പിന്നിൽ ധോണിയാണ് ക്യാച്ചെടുത്തത്. ബൗൺസ് ചെയ്ത പന്ത് കട്ട് ചെയ്യാൻ ശ്രമിക്കുന്നതിനിടെ ധോണിയുടെ ഗ്ളൗസിലെത്തുകയായിരുന്നു. 72 പന്ത് നേരിട്ട അംല അഞ്ച് ബൗണ്ടറികൾ പായിച്ച ശേഷമാണ് കൂടാരം കയറിയത്. തുടർന്നിറങ്ങിയ ഡിവില്ലിയേഴ്സിനെ കൂട്ടി കാലിസ് പോരാട്ടം തുടർന്നു. ഹർഭജനെതിരെ കാലിസ് രണ്ട് ബൗണ്ടറികളും ഡിവില്ലിയേഴ്സ് ഒരു സിക്സും പായിച്ചതിനെത്തുടർന്ന് ധോണി പേസർ സഹീറിനെ തിരിച്ചുവിളിച്ചു. 36-ാം ഓവറിൽ സഹീർ കാലിസിനെതിരെ എൽ.ബി. അപ്പീൽ ചെയ്തെങ്കിലും അമ്പയർ തള്ളി. ധോണി റിവ്യൂ നൽകിയെങ്കിലും പന്തിന്റെ ദിശ ഓഫ് സ്റ്റംപിന് പുറത്തേക്കാണെന്ന് കാട്ടി അപ്പീൽ തള്ളി. എന്നാൽ തൊട്ടടുത്ത പന്തിൽ തന്നെ കാലിസ് പുറത്തായി. ഡീപ് സ്ക്വയർ ലെഗിൽ നിന്ന് ഹർഭജന്റെ ത്രോ പിടിച്ചെടുത്ത് ധോണിയാണ് രണ്ടാം റണ്ണിനോടിയ കാലിസിനെ റൺ ഔട്ടാക്കിയത്. ഇതോടെ ദക്ഷിണാഫ്രിക്ക 36 ഓവറിൽ 173 / 3 എന്ന നിലയിലായി.

ഡി കമ്പനി ഭരിക്കുന്നു

പതറാതെ കളിച്ച ഡിവില്ലിയേഴ്സ് ബൗണ്ടറികൾ ഉതിർത്ത് ടീമിനെ മുന്നോട്ടുനയിച്ചു. അഞ്ചാമനായിറങ്ങിയ ഡുമിനിയും ഡിവില്ലിയേഴ്സിന് പിന്തുണ നൽകി. 40-ാം ഓവറിൽ ഡിവില്ലിയേഴ്സ് സഹീറിനെ രണ്ട് ഫോറടിച്ചപ്പോൾ ഡുമിനി ഒരു സിക്സും പായിച്ചു. ഇതോടെ ദക്ഷിണാഫ്രിക്ക 40 ഓവറിൽ 218 /3 എന്ന സ്ഥിതിയിലെത്തി. 41-ാം ഓവർ എറിയാൻ ഹർഭജനെ വിളിച്ച ധോണിയുടെ തന്ത്രത്തിൽ ഡിവില്ലിയേഴ്സ് (52) വീണു. ഹർഭജനെ ഫോറടിച്ച് അർദ്ധസെഞ്ച്വറിയിലെത്തിയ ഡിവില്ലിയേഴ്സിനെ അടുത്ത ഓവറിൽ സ്ക്വയർ ലെഗിൽ വിരാട് കൊഹ്‌ലി പിടികൂടുകയായിരുന്നു. എന്നാൽ തുടർന്നിറങ്ങിയ ഡുപ്ളെസിസ് യുവ്‌രാജിനെ സിക്സിന് പറത്തി. ഹർഭജൻ എറിഞ്ഞ 43 -ാം ഓവറിന്റെ മൂന്നാം പന്തിൽ കൈയിൽ നിന്ന് വഴുതുവീണ പന്ത് പിടിച്ചെടുത്ത് ധോണി ഡുമിനിയെ സ്റ്റംപ് ചെയ്തതോടെ ദക്ഷിണാഫ്രിക്ക 238 / 5 എന്ന നിലയിലെത്തി. 44-ാം ഓവറിന്റെ മൂന്നാം പന്തിൽ ഗംഭീർ വാൻവിങ്കിനെ (5) വിട്ടുകളഞ്ഞെങ്കിലും അവസാന പന്തിൽ മുനാഫ് എൽ.ബിയിൽ കുരുക്കി. ഇതോടെ 44 ഓവറിൽ 247 / 6 എന്ന നിലയിലായ ദക്ഷിണാഫ്രിക്കയ്ക്ക് ഊർജ്ജം കിട്ടിയത് മുനാഫ് എറിഞ്ഞ 48-ാം ഓവറിൽ ബോത്ത ഒരു ഫോറും ഒരു സിക്സുമടിച്ചപ്പോഴാണ്. എന്നാൽ തൊട്ടടുത്ത പന്തിൽ വീണ്ടും ഉയർത്തിയടിച്ച ബോത്തയെ റെയ്ന കൈയിലൊതുക്കി. തുടർന്ന് ക്രീസിൽ വന്ന പീറ്റേഴ്സൺ 49 ഓവറിൽ 284 / 7 എന്ന നിലയിലാക്കി.

നെഹ്റയുടെ ലാസ്റ്റ് ഓവർ

അവസാന ഓവർ എറിയാൻ നെഹ്റയെത്തുമ്പോൾ ദക്ഷിണാഫ്രിക്കയ്ക്ക് ജയിക്കാൻ വേണ്ടത് 13 റൺ. ആദ്യ പന്ത് പീറ്റേഴ്സന്റെ ബാറ്റിൽ തട്ടി പിറകിലേക്ക് ഫോർ. രണ്ടാം പന്ത് നേരെ സക്സ്. മൂന്നാം പന്തിൽ ഡബിൾ. പിന്നെ മൂന്ന് പന്തിൽ ഒറ്റ റൺ കൂടി. നാലാം പന്ത് കവറിലൂടെ ബൗണ്ടറിയിലേക്ക് ഉരുണ്ടപ്പോൾ ഗാലറിയിലിരുന്നവർ മുഖം പൊത്തി കണ്ണീരടക്കി. ചിലർ ഇന്ത്യൻ ജോക്കേഴ്സിനെ കൂക്കിവിളിച്ചു.

മാച്ച് വിന്നറോ എന്റർടെയ്നറോ !

ഇന്ന് ഇന്ത്യ തോൽവിയിലേക്ക് നീങ്ങുന്നതിനിടെ ഗാലറിയിൽ ഒരു പ്ലക്കാർഡ് പ്രത്യക്ഷപ്പെട്ടു. 'സച്ചിൻ മാച്ച് വിന്നറോ വെറും എന്റർടെയ്നറോ'യെന്ന്. സച്ചിനെ സങ്കടപ്പെടുത്തുന്ന രണ്ട് സെഞ്ച്വറികളാണ് ഈ ലോകകപ്പിൽ പിറന്നത്. ഇംഗ്ലണ്ടിനെതിരെ സച്ചിൻ 120 റണ്ണടിച്ചെങ്കിലും ടൈ ആയി.

ക്വാർട്ടറിൽ എത്തും, പക്ഷെ അവിടുന്ന് ?

അഞ്ചു കളികളിൽനിന്ന് ഏഴുപോയിന്റുമായി ഇപ്പോഴും ഒന്നാംസ്ഥാനത്ത് തുടരുന്ന ഇന്ത്യ ബി ഗ്രൂപ്പിൽ നിന്ന് ക്വാർട്ടറിലെത്തുമെന്ന് ഉറപ്പാണ്. പക്ഷേ ഈ കളിയുമായി ക്വാർട്ടറിലെത്തിയാൽ എന്താണ് നേട്ടമെന്ന ചോദ്യത്തിന് ഉത്തരം ധോണി കണ്ടെത്തേണ്ടിരിക്കുന്നു.

സച്ചിന്റെ ആറാം ലോകകപ്പ് സെഞ്ച്വറി

- **സച്ചിൻ ടെൻഡുൽക്കറുടെ ആറാമത് ലോകകപ്പ് സെഞ്ച്വറിയാണ് ഇന്നലെ പിറന്നത്**
- **ലോകകപ്പിൽ ഏറ്റവുമധികം സെഞ്ച്വറി നേടിയ താരവും സച്ചിൻ തന്നെ**
- **ഇംഗ്ലണ്ടിനെതിരായ മത്സരത്തിൽ സെഞ്ച്വറി നേടിയ സച്ചിൻ നാലു സെഞ്ച്വറി നേടിയിട്ടുള്ള ഗാംഗുലി, മാർക്ക്വോ, പോണ്ടിംഗ് എന്നിവരുടെ റെക്കാഡ് തകർത്തിരുന്നു**
- **ഏകദിനങ്ങളിൽ 193 സിക്സുകൾ പറത്തി ഗാംഗുലിയുടെ 190 സിക്സിന്റെ റെക്കാഡ് മറികടന്നു**
- **ആറാം ലോകകപ്പ് കളിക്കുന്ന സച്ചിനാണ് ഏറ്റവും കൂടുതൽ റൺ അടിച്ചിട്ടുള്ള താരവും**
- **2120 റണ്ണാണ് സച്ചിൻ ലോകകപ്പുകളിൽ നിന്നുമാത്രം നേടിയിട്ടുള്ളത്. 13 അർദ്ധസെഞ്ച്വറികളും സച്ചിൻ ലോകകപ്പിൽ നിന്ന് സ്വന്തമാക്കിക്കഴിഞ്ഞു**
- **സച്ചിന്റെ 41-ാം ലോകകപ്പ് മത്സരമാണിത്. 42 മത്സരം കളിച്ച റിക്കിപോണ്ടിംഗാണ് ഇക്കാര്യത്തിൽ സച്ചിന് മുന്നിലുള്ളത്.**

സ്കോർബോർഡ്

ഇന്ത്യ ബാറ്റിംഗ് : സെവാഗ് ബി ഡുപ്ളെസിസ് 73, സച്ചിൻ സി ഡുമിനി ബി മോർക്കൽ 111, ഗംഭീർ സി കാലിസ് ബി സ്റ്റെയ്ൻ 69, യൂസഫ് പഠാൻ സി സ്മിത്ത് ബി സ്റ്റെയ്ൻ 0, യുവ്‌രാജ് സി ബോത്ത ബി കാലിസ് 12, ധോണി നോട്ടൗട്ട് 12, വിരാട് കൊഹ്‌ലി സി & ബി പീറ്റേഴ്സൺ 1, ഹർഭജൻ സിംഗ് ബി സ്റ്റെയ്ൻ 3, സഹീർ സി മോർക്കൽ ബി പീറ്റേഴ്സൺ 9, നെഹ്റ സി സ്മിത്ത് ബി സ്റ്റെയ്ൻ 0, മുനാഫ് പട്ടേൽ ബി സ്റ്റെയ്ൻ 0. എക്സ്ട്രാസ് 15. ആകെ 48.4 ഓവറിൽ 296-ന് ആൾ ഔട്ട് **വിക്കറ്റ് വീഴ്ച :** 1- 142 (സെവാഗ്), 2-267 (ഗംഭീർ), 3-268 (സച്ചിൻ), 4-268 (യൂസഫ്), 5-283 (യുവ്‌രാജ്), 6-286 (കൊഹ്‌ലി), 7-293 (ഹർഭജൻ), 8-294 (സഹീർ), 9 -296 (നെഹ്റ), 10-296 (മുനാഫ്). **ബൗളിംഗ്:** സ്റ്റെയ്ൻ 9.4-0-50-5, മോർക്കൽ 7-0-59-1, ജാക് കാലിസ് 8-0-43-1, പീറ്റേഴ്സൺ 9-0-52-2, ഡുമിനി 3-0-29-0, ജെഹാൻ ബോത്ത 9-0-39-0, ഡുപ്ളെസിസ് 3-0-22-1
ദക്ഷിണാഫ്രിക്ക ബാറ്റിംഗ് സ്മിത്ത് സി സച്ചിൻ ബി സഹീർ 16, അംല സി ധോണി ബി ഹർഭജൻ 61, കാലിസ് റൺ ഔട്ട് 69, ഡിവില്ലിയേഴ്സ് സി കൊഹ്‌ലി ബി ഹർഭജൻ 52, ഡുമിനി സ്റ്റംപ്ഡ് ധോണി ബി ഹർഭജൻ23, ഡുപ്ളെസിസ് നോട്ടൗട്ട് 25, വാൻവിങ്ക് എൽ.ബി ബി മുനാഫ് 5, ബോത്ത സി റെയ്ന ബി മുനാഫ് 23, പീറ്റേഴ്സൺ നോട്ടൗട്ട് 18, എക്സ്ട്രാസ് 8, ആകെ 49.4 ഓവറിൽ 300 / 7 വിക്കറ്റ് വീഴ്ച: 1-41, 2-127, 3-173, 4-223,5-238, 6 - 247, 7 - 279 **ബൗളിംഗ്:** സഹീർ 10 - 0- 43 - 1, നെഹ്റ 8.4 - 0-65 - 0, മുനാഫ് 10-0-65-2, യൂസഫ് 4-0-20-0, യുവ്‌രാജ് 8-0-47-0, ഹർഭജൻ 9-0-53-3

വെട്ടോറിയില്ലാത്ത കിവീസിനെ കാനഡ വെട്ടുമോ?

ടെയ്‌ലർ

ന്യൂസിലൻഡ് Vs കാനഡ

(രാവിലെ 9.30 മുതൽ മുംബയിൽ)

മുംബയ് : ക്യാപ്ടൻ വെട്ടോറിക്ക് പരിക്ക് ഭേദമായെങ്കിലും ഒന്നുകൂടി വിശ്രമം നൽകാൻ കിവീസുകാർ തീരുമാനിച്ചത് കാനഡക്കാരാണല്ലോ എതിരാളികൾ എന്നു ചിന്തിച്ചാണ്. അതിനാൽ തന്നെ തങ്ങളെ അങ്ങനെ കൊച്ചായി കാണേണ്ടതെന്ന് തെളിയിക്കുകയാണ് ഇന്ന് വങ്കഡെ സ്റ്റേഡിയത്തിൽ ആശിഷ് ബെഗായിയുടെയും കൂട്ടരുടെയും ലക്ഷ്യം. അതിന് അവർക്ക് ആത്മവിശ്വാസം നൽകുന്നത് കഴിഞ്ഞ കളിയിൽ കെനിയയ്ക്കെതിരെ നേടിയ വിജയമാണ്.

വെട്ടോറിയില്ലെങ്കിലും കാനഡയെ സംബന്ധിച്ചിടത്തോളം ശക്തമായ ടീം തന്നെയാണ് ന്യൂസിലൻഡ്. കഴിഞ്ഞ കളിയിൽ പാകിസ്ഥാനെ 110 റണ്ണിന് തോൽപ്പിച്ച് കിവീസ് ശക്തി തെളിയിച്ചുകഴിഞ്ഞു. മിന്നൽ വേഗത്തിൽ സെഞ്ച്വറിയടിച്ച ടെയ്‌ലറാണ് പാകിസ്ഥാനെതിരായ മത്സരം കൈയിലാക്കിയത്. ബാറ്റിംഗിലും ബൗളിംഗിലും മികച്ച താരങ്ങൾ അടങ്ങുന്ന കിവീസ് ഫൈനൽ കളിക്കാൻ വങ്കഡെയിലെത്താൻ സാദ്ധ്യതയുള്ള ടീം ആയിക്കൊണ്ടിരിക്കുകയാണ്. മാർട്ടിൻ ഗപ്ടിൽ, ബ്രണ്ടൻ മക്കുല്ലം, നഥാൻ മക്കുല്ലം, ടെയ്‌ലർ, സ്റ്റൈറിസ് എന്നിവരെല്ലാം ഫോമിലായതാണ് കിവീസിന്റെ മെച്ചം.

പോയിന്റ് നില

(ടീം, കളി, ജയം, തോൽവി, സമനില/ ഉപേക്ഷിച്ചത്, പോയിന്റ്, റൺറേറ്റ് എന്ന ക്രമത്തിൽ)

ഗ്രൂപ്പ് എ

ശ്രീലങ്ക	5	3	1	1	7	+ 2.705
കിവീസ്	4	3	1	0	6	+ 1.848
പാകിസ്ഥാൻ	4	3	1	0	6	+ 0.760
ആസ്ട്രേലിയ	3	2	0	1	5	+ 1.813
സിംബാബ്‌വെ	4	1	3	0	2	- 0.690
കാനഡ	4	1	3	0	2	- 2.873
കെനിയ	4	0	4	0	0	-4.825

ഗ്രൂപ്പ് ബി

ഇന്ത്യ	5	3	1	1	7	+ 0.768
വിൻഡീസ്	4	3	1	0	6	+ 2.206
ദ.ആഫ്രിക്ക	4	3	1	0	6	+ 1.352
ഇംഗ്ലണ്ട്	5	2	2	1	5	+ 0.013
ബംഗ്ലാദേശ്	4	2	2	0	4	- 1.241
അയർലൻഡ്	4	1	3	0	2	- 0.444
ഹോളണ്ട്	4	0	4	0	0	- 2.728

ക്വാർട്ടറിൽ കാലുറപ്പിക്കാൻ കംഗാരുക്കൾ കെനിയയെ കരയിക്കും

റിക്കി

ആസ്ട്രേലിയ Vs കെനിയ

(ഉച്ചയ്ക്ക് 2.30 മുതൽ ബാംഗ്ലൂരിൽ)

ബാംഗ്ലൂർ : നാലുതവണ ലോക ചാമ്പ്യന്മാരായവരാണെങ്കിലും തുടർച്ചയായ നാലാം തവണ കിരീടം നേടാനിറങ്ങുന്നവരാണെങ്കിലും ആസ്ട്രേലിയക്കാർ കെനിയയുമായുള്ള ഇന്നത്തെ പോരാട്ടത്തെ ഒട്ടും വില കുറച്ചു കാണുന്നില്ല. എ ഗ്രൂപ്പിൽ മൂന്നു കളികളിൽനിന്ന് അഞ്ചു പോയിന്റുമായി നാലാം സ്ഥാനത്തുള്ള കംഗാരുക്കൾക്ക് ക്വാർട്ടർ ഫൈനൽ ഏതാണ്ട് ഉറപ്പാണ്. എന്നാൽ, ഗ്രൂപ്പിൽ ഒന്നാം സ്ഥാനക്കാരായി തന്നെ ഫിനിഷ് ചെയ്യണമെന്ന വാശി തീർക്കാനാണ് പോണ്ടിംഗിന്റെ പട ഇന്നിറങ്ങുന്നത്. റൺ റേറ്റിലെ ചെറിയ പിന്നാക്കാവസ്ഥ പരിഹരിക്കാനും ഇന്നത്തെ മത്സരത്തിലൂടെ കഴിയുമെന്നാണ് ഓസീസിന്റെ പ്രതീക്ഷ. കെനിയയാകട്ടെ, നാലു കളികളും തോറ്റ് നാമാവശേഷമായിരിക്കുകയാണ്. ദുർബലരായ കാനഡയോടുപോലും അവർ തോറ്റു. ഇന്ന് ശക്തമായ ടീമിനെ തന്നെയാകും തങ്ങൾ വിന്യസിക്കുകയെന്ന് റിക്കി പോണ്ടിംഗ് അറിയിച്ചിട്ടുണ്ട്. ബോളിംഗർക്ക് പകരം ടീമിലെത്തിയ മൈക് ഹസിയും ഇന്ന് കളിച്ചേക്കും. സഹോദരൻ ഡേവിഡ് ഹസിയെ കരയ്ക്കിരുത്തിയായിരിക്കും മൈക്കിന് റിക്കി സ്ഥാനം നൽകുക.

ആസ്ട്രേലിയയെ അട്ടിമറിച്ചു കളയാമെന്ന അഹങ്കാരമൊന്നുമില്ലെങ്കിലും മാന്യമായ പോരാട്ടം നടത്തണമെന്നുറച്ചുതന്നെയാണ് ജിമ്മി കമാൻഡേ നയിക്കുന്ന കെനിയ ഇന്നിറങ്ങുക.

കൊമ്പന്റെ എഴുന്നള്ളത്തിന് കൊച്ചി കച്ചകെട്ടി

കൊച്ചി: കലൂർ ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ ഐ.പി.എൽ മത്സരങ്ങൾക്കുള്ള ഒരുക്കം പൂർത്തിയാകുന്നു. ഏപ്രിൽ 9 നു നടക്കുന്ന ആദ്യ മത്സരത്തിൽ 'കൊച്ചി ടസ്ക്കേഴ്സ് കേരള' ബാംഗ്ളൂർ റോയൽ ചലഞ്ചേഴ്സിനെ നേരിടും.

പത്തു കോടിയോളം രൂപ ചെലവിട്ടാണ് കേരള ക്രിക്കറ്റ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കലൂരിലെ സ്റ്റേഡിയം നവീകരിച്ചത്. ഏറെ പരാതികൾക്കിട നൽകിയ സ്റ്റേഡിയത്തിലെ ഡ്രെയ്നേജ് സംവിധാനം അന്താരാഷ്ട്ര നിലവാരത്തിൽ പുതുക്കി നിർമ്മിച്ചു. മലേഷ്യയിലെ ട്രാൻസ് ഏഷ്യ ഇന്റർനാഷണലിന്റെ മേൽനോട്ടത്തിൽ ലോകത്തെ മികച്ച ഗ്രൗണ്ടുകളിലൊന്നാക്കി കൊച്ചിയിലെ സ്റ്റേഡിയത്തെ നവീകരിച്ചതായി കെ. സി. എ സെക്രട്ടറി ടി.സി.മാത്യു പത്രസമ്മേളനത്തിൽ പറഞ്ഞു. സ്റ്റേഡിയത്തിൽ ഫ്ളഡ്‌ലൈറ്റുകൾ സജ്ജീകരിക്കുന്ന ജോലി മാർച്ച് 20 മുതൽ 25 വരെ നടക്കും. മാർച്ച് 26 മുതൽ, ലോക കപ്പിൽ കളിക്കാത്ത താരങ്ങൾ കൊച്ചിയിൽ എത്തി പരിശീലനം തുടങ്ങുമെന്നും ടി.സി.മാത്യു അറിയിച്ചു.

ഏപ്രിൽ 18 ന് ചെന്നൈ സൂപ്പർ കിംഗ്സ്, 27 ന് ഡെക്കാൺ ചാർജേഴ്സ്, 30 ന് ഡെൽഹി ഡെയർ ഡെവിൾസ്, മേയ് 5 ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് എന്നീ ടീമുകളുമായി ടസ്കേഴ്സ് കൊച്ചിയിൽ ഏറ്റുമുട്ടും. കലൂരിൽ ഒരുക്കിയ പിച്ചിന്റെ കാര്യത്തിൽ ബി.സി.സി.ഐ ചീഫ് ക്യുറേറ്റർ വെങ്കിട്ട സുന്ദരമടക്കമുള്ള വിദഗ്ദ്ധർ മികച്ച അഭിപ്രായം രേഖപ്പെടുത്തി. ഗ്രൗണ്ടിൽ ഫ്ളഡ്‌ലൈറ്റുകൾ സ്ഥാപിക്കാൻ 3.5 കോടി രൂപയും ഗ്രൗണ്ട് സജ്ജീകരിക്കാൻ 1.4 കോടി രൂപയും ജനറേറ്റർ സെറ്റുകൾക്കായി 80 ലക്ഷം രൂപയും ചെലവഴിക്കുന്നുണ്ട്. സ്റ്റേഡിയത്തിൽ മൾട്ടി ജിം സജ്ജീകരിക്കൽ, കൺട്രോൾ റൂം സ്ഥാപിക്കൽ തുടങ്ങിയവയും നടന്നു വരികയാണെന്ന് ടി.സി.മാത്യു വിശദീകരിച്ചു.

ആൾ ഇംഗ്ലണ്ട് ബാഡ്മിന്റൺ

ജപ്പാൻ സുനാമിയിൽ സൈന മുങ്ങി

ലണ്ടൻ : ആൾ ഇംഗ്ലണ്ട് ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന്റെ വനിതാ സിംഗിൾസിൽ സൈനാ നെഹ്‌വാൾ ക്വാർട്ടർ ഫൈനലിൽ ജപ്പാൻകാരി എരിക്കോ ഹിറോസിനോട് കീഴടങ്ങി. ഇതോടെ ടൂർണമെന്റിൽനിന്ന് ഇന്ത്യക്കാർക്കെല്ലാം മടക്കടിക്കറ്റ് ലഭിച്ചു. സുനാമി പോലെ ആഞ്ഞടിച്ച ജപ്പാൻകാരിക്കുമുന്നിൽ 11-21, 20-22 എന്ന സ്കോറിനാണ് സൈന തോറ്റത്.

ടീം കൊച്ചിക്ക് പുതിയ പേര്

കൊച്ചി ടസ്കേഴ്സ് കേരള

തിരുവനന്തപുരം: ആരാധകരുടെ സമ്മർദ്ദംകൊണ്ട് കൊച്ചി ഐ. പി. എൽ ടീം 'ഇൻഡി കമാൻഡോസ്' എന്ന പേര് മാറ്റി. ഓൺലൈൻ വോട്ടെടുപ്പിലൂടെ ആരാധകർ തിരഞ്ഞെടുത്ത 'കൊച്ചി ടസ്ക്കേഴ്സ് കേരള' എന്നതാണ് ടീമിന്റെ പുതിയ പേര്.

കൊച്ചി കമാൻഡോസ്, ടൈഗേഴ്സ്, ടസ്കേഴ്സ് തുടങ്ങിയ പേരുകളിൽ നിന്നാണ് ഏറ്റവും കൂടുതൽ പേർ ടസ്കേഴ്സിനെ തിരഞ്ഞെടുത്തത്.

കൊച്ചി ടീം രൂപീകരിക്കുന്നതിൽ പ്രധാന പങ്കുവഹിച്ച ശശി തരൂർ അടക്കമുള്ളവർ ഇൻഡി കമാൻഡോസ് എന്ന പേരിനോട് എതിർപ്പ് പ്രകടിപ്പിച്ചതിനെത്തുടർന്നാണ് ടീമുകൾ പുതിയ പേര് കണ്ടെത്താൻ നിർബന്ധിതരായത്. ടീം രൂപീകരിച്ച സമയത്ത് തന്നെ ശശി തരൂർ 'ടസ്കേഴ്സ്' എന്ന പേര് നിർദ്ദേശിച്ചിരുന്നു.